# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 63

02/12/2015 ൽ മറുപടിക്ക്

### ദേശീയ ജലപാതകൾ

ചോദ്യം

ശ്രീ. കെ. എൻ. എ. ഖാദർ
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
ശ്രീ. പി. ഉബൈദുള്ള

ഉത്തരം

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) നദികളെ ബന്ധിപ്പിച്ചുകൊണ്ട് ദേശീയ ജലപാതകൾ വികസിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുതാല്പര്യം സംരക്ഷിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കേണ്ടി വരുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ;

(എ) ദേശീയ ജലപാതാ ബിൽ 2015-ന്റെ കരടിൽ കേരളത്തിലെ 10 നദികളെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നദികളെ ഉൾപ്പെടുത്തികൊണ്ട് ദേശീയ ജലപാതാ വികസന പദ്ധതി നടപ്പിലാക്കുമ്പോൾ, നിലവിൽ നദികളിൽ ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കുമായി നിർമ്മിച്ചിട്ടുള്ള തടയണകൾ, റഗുലേറ്ററുകൾ, കിണറുകൾ എന്നിവ പുനർ നിർമ്മിക്കേണ്ടതായി വരും. ഇത് ചെലവേറിയതും പ്രായോഗികമായി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതുമാണ്. കൂടാതെ നദികളെ ജലപാതാ നിലവാരത്തിലേയ്ക്കുയർത്തുമ്പോൾ ആഴം കൂട്ടേണ്ടിവരുന്നതിനാൽ ഉൾപ്രദേശങ്ങളിലേയ്ക്ക് ഉപ്പു വെള്ളം കയറുകയും അതുവഴി ജലജന്യ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരുത്തുകയും ചെയ്യും. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി ബഹു: മുഖ്യമന്ത്രി 27-07-2015 ൽ കേന്ദ്ര സർക്കാരിന് കത്തെഴുതുകയും ആയതിനെ തുടർന്ന് കേരളത്തിലെ 10 നദികളെ ദേശീയ ജലപാതയായി പ്രഖ്യാപിക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

കല്ലട, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ, ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, കോരപ്പുഴ, ചാലിയാർ, വളപട്ടണം പുഴ.

| | | |
|---|---|---|
| (ബി) ദേശീയ ജലപാതകളിൽ ഉൾപ്പെടുത്താൻ സംസ്ഥാനം നിർദ്ദേശിച്ചിട്ടുള്ള കനാലുകൾ ഏതൊക്കെയാണ്; വിശദമാക്കുമോ; | (ബി) | ദേശീയ ജലപാതയിൽ ഉൾപ്പെടുത്താൻ സംസ്ഥാനം നിർദ്ദേശിച്ചിട്ടുള്ള കനാലുകൾ ചുവടെ ചേർക്കുന്നു.<br><br>1. ആലപ്പുഴ - ചങ്ങനാശ്ശേരി കനാൽ<br>2. ആലപ്പുഴ - കോട്ടയം കനാൽ<br>3. കോട്ടയം - വൈക്കം കനാൽ<br>4. അതിരമ്പുഴ കനാൽ. |
| (സി) കേന്ദ്രത്തിന്റെ സഹകരണത്തോടുകൂടി ജലപാതകൾ വികസിപ്പിക്കുന്നതിനും, എല്ലായ്പ്പോഴും ഗതാഗതയോഗ്യമാക്കി നിലനിർത്തുന്നതിനുമുള്ള സമഗ്ര പദ്ധതികൾ പരിഗണിക്കുമോ? | (സി) | കഴിഞ്ഞ വർഷങ്ങളിൽ വിവിധ കേന്ദ്ര ധന സഹായ പദ്ധതികളിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലപാതയിൽ വിവിധ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ജലപാതയുടെ പൂർത്തിയായ ഭാഗങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്ര ധനസഹായത്തിനുള്ള നിർദ്ദേശം, ഓരോന്നിന്റെയും പ്രായോഗികതയും എസ്റ്റിമേറ്റും പദ്ധതി രൂപരേഖയും തയ്യാറാക്കി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട്(ജലസേചനവും ഭരണവും) ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സഹകരണം ലഭിക്കുകയാണെങ്കിൽ ജലപാതകൾ വികസിപ്പിക്കുന്നതിനും എല്ലായ്പ്പോഴും ഗതാഗതയോഗ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ